## പതിമൂന്നാം കേരള നിയമസഭ

### എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2510 — 01.04.2013 -ൽ മറുപടിക്ക്.

### ദിവസക്കൂലി ജീവനക്കാരുടെ വേതന പരിഷ്കരണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ | | ശ്രീ. ഷിബു ബേബി ജോൺ (തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ മാവേലി സ്റ്റോർ, സൂപ്പർമാർക്കറ്റ് , മററ് റീട്ടയിൽ ഔട്ട്ലെറ്റുകൾ എന്നിവിടങ്ങളിൽ ദിവസ ക്കൂലിക്ക് ജോലി ചെയ്യുവരുന്ന തൊഴിലാളികൾക്ക് നിലവിൽ നൽകിവരുന്ന കൂലി തികച്ചും പരിമിതമാണെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ബി) എങ്കിൽ ഈ തൊഴിലാളികൾക്ക് അംഗീകൃത മിനിമം വേതനം ഉറപ്പുവരുത്തു ന്നതിന് നടപടിയുണ്ടാകുമോ ; | (എ) യും (ബി) യും | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി സ്ഥാപനങ്ങൾ സർക്കാർ നിയന്ത്രണത്തിൻ കീഴിലുള്ള വയായതിനാൽ ഇവിടങ്ങളിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കാൻ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) പാക്കിംഗ്, വില്പന എന്നീ രംഗങ്ങളിൽ പണി ചെയ്യുവരുന്ന ഈ തൊഴിലാളി കൾ ചിലയിടങ്ങളിൽ പത്തു മണിക്കൂറിലധികം ജോലി ചെയ്യേണ്ടി വരുന്ന സാഹചര്യം നിലവിലുള്ളത് സംബന്ധിച്ച് അന്വേഷണം നടത്തുവാൻ തയ്യാറാകുമോ? | (സി) | ഇതു സംബന്ധിച്ച് ലഭിച്ച പരാതിയിന്മേൽ തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ അന്വേഷണം നടത്തിയപ്പോൾ ശ്രദ്ധയിൽപ്പെട്ട തൊഴിൽ നിയമ ലംഘനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിന് ഭക്ഷ്യ സിവിൽസപ്ലൈസ് വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ആഫീസർ.